(സി) ബേപ്പൂർ മണ്ഡലത്തിൽ എത്ര പേർക്ക് നൽകിയെന്നും, ഇനിയെത്ര പേർക്ക് നൽകാനുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 2380 പട്ടയം അനുവദിച്ചിട്ടുണ്ട്. ഇനി പട്ടയം നൽകുവാനായി 40 അപേക്ഷകൾ കൂടി തീർപ്പാക്കാനുണ്ട്. നിയമസഭാമണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

കോഴിക്കോട് 1	..	417 പട്ടയം
കോഴിക്കോട് 2	..	492 ,,
കുന്നമംഗലം	..	434 ,,
തിരുവമ്പാടി	..	127 ,,
മേപ്പയൂർ	..	57 ,,
വടകര	..	103 ,,
കൊയിലാണ്ടി	..	121 ,,
ബാലുശ്ശേരി	..	213 ,,
പേരാമ്പ്ര	..	206 ,,
ബേപ്പൂർ	..	159 ,,
നാദാപുരം	..	51 ,,
കൊടുവള്ളി	..	ഇല്ല
ആകെ	..	2380 ,,

(ബി) തീരദേശത്തെ 438 പേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്.

(സി) ബേപ്പൂർ മണ്ഡലത്തിൽ 91 പേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. കൈവശരേഖ കിട്ടുവാൻ അർഹതയുള്ളവരുടെ അപേക്ഷകൾ ഒന്നുംതന്നെ തീർപ്പാക്കുവാനില്ല.

കാരായ്മ കുടിയാന്മാരുടെ പ്രശ്നങ്ങൾ

15 [2167] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാരായ്മ കുടിയാന്മാരുടെ പ്രശ്നത്തിൽ ഹൈക്കോടതി വിധിയെത്തുടർന്നുള്ള പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹൈക്കോടതി വിധി സ്റ്റേ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവോ;

(സി) സുപ്രീം കോടതി മുമ്പാകെയുള്ള കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ, ബി ആന്റ് സി) കാരായ്മ കുടിയാന്മാരുടെ കാര്യത്തിൽ ഹൈക്കോടതി വിധിയെ തുടർന്നുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി 20-8-2003-ലെ ഹൈക്കോടതി വിധിയെ ചോദ്യം ചെയ്തുകൊണ്ട് സർക്കാർ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തു എന്നാൽ 28-2-2005-ലെ ഉത്തരവിൻ പ്രകാരം ബഹു. സുപ്രീം കോടതി സർക്കാർ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷൻ തള്ളിക്കളഞ്ഞു.

വൈദ്യുതി ബന്ധം വിച്ഛേദിച്ച വില്ലേജാഫീസുകൾ

16 [2181] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് യഥാസമയം അടയ്ക്കാത്തതുമൂലം തിരുവനന്തപുരം ജില്ലയിലെ ബഹുഭൂരിപക്ഷം വില്ലേജാഫീസുകളിലും വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിൽ വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക ഇനത്തിൽ റവന്യൂ വകുപ്പ് എത്ര രൂപ വൈദ്യുതി ബോർഡിന് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ട വില്ലേജാഫീസുകളിൽ അത് അടിയന്തിരമായി പുനഃസാഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 31-12-2004 വരെ 5,90,477 രൂപ (അഞ്ച് ലക്ഷത്തി തൊണ്ണൂറായിരത്തി നാനൂറ്റി എഴുപത്തി ഏഴ് രൂപ).

LIBRARY ARCHIVES Kerala Legislative Assembly